"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് - ആർട്ടിസ്റ്റ് മോഡലർ തസ്തികയുടെ പേര് ആർട്ടിസ്റ്റ്/മോഡലർ എന്ന് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യവും കുടുംബക്ഷേമവും (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.47/2024/H&FWD തീയതി,തിരുവനന്തപുരം, 04-03-2024

---

പരാമർശം:-

1. 07/10/2016 -ലെ സ.ഉ.(കൈ).നം.191/2016/ആ.കു.വ.
2. 10/02/2021 -ലെ സ.ഉ.(പി).നം. 27/2021/ധന
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 17.09.2023 - ലെ എൻസി2/4562/2023/മെ.വി.വ. നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ സൃഷ്ടിച്ചിട്ടുള്ള ആർട്ടിസ്റ്റ് മോഡലർ എന്ന തസ്തിക മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലില്ലെന്നും ആർട്ടിസ്റ്റ്/മോഡലർ എന്ന സമാന തസ്തികയാണ് നിലവിലുള്ളതെന്നും അതുകൊണ്ട് പ്രസ്തുത തസ്തിക സമാന ശമ്പള സ്കെയിലിലുള്ള ആർട്ടിസ്റ്റ്/മോഡലർ എന്നാക്കി പുനർനാമകരണം ചെയ്യണമെന്നും പരാമർശം (3) ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) - ലെ സർക്കാർ ഉത്തരവ് പ്രകാരം കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ സൃഷ്ടിച്ചിട്ടുള്ള 35600-75400/- (റിവൈസ്ഡ്) ശമ്പള സ്കെയിലുള്ള ആർട്ടിസ്റ്റ് മോഡലർ എന്ന തസ്തികയുടെ പേര് സമാന ശമ്പള സ്കയിലിലുള്ള ആർട്ടിസ്റ്റ്/മോഡലർ എന്ന് തിരുത്തി ഉത്തരവാകുന്നു .

3) മേൽ പ്രകാരമുള്ള ഭേദഗതിയോടെ പരാമർശം (1)-ലെ ഉത്തരവ് നിലനിൽക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SALINI O G

ഡെപ്യൂട്ടി സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ /ആഡിറ്റ് ),തിരുവനന്തപുരം

പ്രിൻസിപ്പൽ സർക്കാർ മെഡിക്കൽ കോളേജ് ,കൊല്ലം

ധനകാര്യ വകുപ്പ് (29.04.2024 ലെ 577065/ HLT-B1/208/2023-FIN പ്രകാരം)

വെബ് & ന്യൂ മീഡിയ ഐ &പി ആർ ഡി, സെക്രട്ടേറിയറ്റ് ,തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Muraleedharan Chettiyar
Date: 04-03-2024 11:43:37